
Monthly Price Rs. 4/-

# ബൈബിൾ ട്രൂത്ത്



രക്ഷ

# ദൈവത്തിന്റെ രക്ഷാ ബന്ധം

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തിത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കൊബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

നഷ്ടപ്പെട്ട ആത്മാവ്

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 20** **January 2007** **No.10**


## എഡിറ്റോറിയൽ

ലോകത്തിൽ വെച്ചു ഏറ്റവും പുരാതനമായ ഗ്രന്ഥം, പല രീതിയിൽ നശിപ്പിക്കാൻ ശ്രമിച്ചിട്ടും ഇന്നും നിലനില്ക്കുന്നതും മാറ്റങ്ങൾ ആവശ്യമില്ലാത്തതുമാണ് ബൈബിൾ. ചിലർ അതിന്റെ കോപ്പികൾ അഗ്നിക്കിരയാക്കിയിട്ടുണ്ട്, കടലിൽ ഒഴുക്കിക്കളഞ്ഞിട്ടുണ്ട്. എങ്കിലും വീണ്ടും ഏറ്റവും കൂടുതൽ കോപ്പികൾ വിറ്റഴിക്കപ്പെടുന്നതും ഏറ്റവും കൂടുതൽ ഭാഷകളിൽ തർജ്ജിമ ചെയ്തിട്ടുള്ളതും ബൈബിൾ മാത്രമാണ്. ഈ പുസ്തകം സർവ്വ മനുഷ്യർക്കും പ്രയോജനപ്പെടുന്നതാണ്. അതിലെ എഴുത്തുകൾ ആർക്കും പരിശോധിക്കാവുന്നതാണ്. അതിശയകരമായ തെളിവുകൾ ധാരാളം അതിലുണ്ട്. അതിൽ വൈപരീത്യമില്ല എന്നതു മുഖ്യകാര്യമാണ്. ഒന്നിനൊന്നു ഒത്തിണങ്ങുന്നതും പുരോഗമിക്കുന്നതും തുടരുന്നതുമായ സംഭവങ്ങളാണ് അതിലുള്ളത്. വൈവിധ്യങ്ങളിൽ ഐക്യത കൈവരിക്കുന്ന പുസ്തകമാണ് സത്യവേദപുസ്തകം. അനവധി പേർ പ്രത്യേകിച്ചു വിമർശിക്കുന്നവരും അവിശ്വാസികളും ബൈബിളിൽ തെറ്റുകൾ ഉണ്ടോ എന്നു ചുഴിഞ്ഞു നോക്കിയിട്ടുണ്ട്. പക്ഷെ നോക്കുന്തോറും വീണ്ടും വായിക്കുന്തോറും അതിശയകരമായ തെളിവുകൾ ആണ് അവർക്കു കണ്ടെത്താൻ കഴിയുന്നത്. ഒരു വിഷയം പത്തുപേർക്ക് എഴുതുവാൻ കൊടുത്താൽ അവർക്ക് യോജിപ്പു പ്രകടിപ്പിക്കാൻ കഴിയുകയില്ല. പിന്നെ നിരവധി വിഷയങ്ങൾ കൊടുത്താൽ എന്തായിരിക്കും സ്ഥിതി എന്ന് ആലോചിക്കാവുന്നതാണ്. നാല്പതു എഴുത്തുകാർ വിവിധ കാലഘട്ടത്തിൽ ജീവിച്ചവർ പല പശ്ചാത്തലത്തിലുള്ളവർ,

വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും, പല തൊഴിലുകൾ ചെയ്തിരുന്നവരാണ് ഇതൊക്കെ എഴുതിയത്. അതാണ് ബൈബിളിനെ പ്രത്യേകതയുള്ളതാക്കി മാറ്റുന്നത്.

ബൈബിളിൽ തെറ്റു പറ്റാതിരിക്കാൻ കാരണങ്ങൾ ഉണ്ട്. അവയിൽ ഒന്ന് അതിലെ പ്രവചനങ്ങളാണ്. മുന്നൂറിലധികം പ്രവചനങ്ങൾ ഭാവിയെ സംബന്ധിച്ച് പ്രവചിക്കയും നിറവേറുകയും ചെയ്തിട്ടുണ്ട്. ഭൂതകാലത്തെയും വർത്തമാനകാലത്തെയും മനുഷ്യർക്ക് അറിയാം. എന്നാൽ ഭാവി കൃത്യമായി പ്രവചിക്കുവാൻ മനുഷ്യർക്കു സാധ്യമല്ല. എന്നാൽ അതു ദൈവത്തിനു സാധ്യമത്രെ. പട്ടണങ്ങളെക്കുറിച്ചും ദേശങ്ങളെക്കുറിച്ചും ആളുകളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അവയെല്ലാം നിറവേറുകയും ചെയ്തിട്ടുണ്ട്. യേശുവിനെക്കുറിച്ചും ധാരാളം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അവയെല്ലാം നിറവേറുകയും ചെയ്തിട്ടുണ്ട്. പട്ടണങ്ങളിൽ യെരീഹോ പട്ടണം നശിക്കപ്പെടുകയും പുതുക്കിപ്പണിയുകയും ചെയ്യും എന്നു മുന്നറിയിച്ചിരുന്നു. അതു പുതുക്കിപ്പണിയുമ്പോൾ അതിന്റെ ഉത്തരവാദികൾക്കു സംഭവിക്കുന്നതിനേയും മുന്നറിയിച്ചിരുന്നു. അഞ്ഞൂറു വർഷങ്ങൾക്കു ശേഷം അങ്ങനെ സംഭവിക്കയുണ്ടായി. ആ പട്ടണം പുതുക്കിപ്പണിത ബേഥാല്യന്റെ ആദ്യജാതനും ഇളയ മകനും മരിക്കയുണ്ടായി (1 രാജാക്കന്മാർ 16:34). സോരിനെക്കുറിച്ചു പ്രവചിച്ചത് അനേകദേശക്കാർ അവളെ അക്രമിക്കും എന്നാണ്. അതു ബാബേലും, ഗ്രേക്കയും, റോമും, തുർക്കിയും അവരെ ആക്രമിച്ചപ്പോൾ നിറവേറി. അതുപോലെ ബാബേലിനെക്കുറിച്ചും നിനെവെയെക്കുറിച്ചും പ്രവചനങ്ങൾ ഉണ്ടായിട്ടുണ്ട്. ബാബേലിന്റെ അല്ലെങ്കിൽ കൽദെയയുടെ ഉയർച്ചയെയും താഴ്ച്ചയെയും പാലസ്തീനിലെ രണ്ടു പ്രവാചകന്മാർ പ്രവചിച്ചിരുന്നു. അതും അങ്ങനെ തന്നെ സംഭവിക്ക യുണ്ടായി.

ബൈബിളിലെ പുസ്തകങ്ങളുടെ ലേഖകന്മാർ അവരുടെ എഴുത്തുകൾ പരസ്പരം യോജിക്കുന്ന വിധത്തിൽ എഴുതിയതു യാദൃശ്ചികമായി സംഭവിച്ചതല്ല. ദൈവമനസ്സിനാൽ നിയന്ത്രിക്കപ്പെട്ടതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതുകൊണ്ടാണ് എല്ലാ തിരുവെഴുത്തും ദൈവശ്വാസിയം എന്നു പറയാൻ കാരണം. അതിനർത്ഥം ദൈവമാണ് അവരെ അവ എഴുതുവാൻ പ്രേരിപ്പിച്ചതു.

പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. പരിശുദ്ധാത്മ നിയോഗത്താൽ മനുഷ്യരെ നിയന്ത്രിക്കുകയായിരുന്നു എന്നർത്ഥം. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാൽ ദൈവത്തിന്റെ വചനം ഒരിക്കലും ഉതിർന്നു പോകയില്ല. ദൈവ വാഗ്ദാനങ്ങളും കല്പനകളും മുന്നറിയിപ്പുകളും ഉള്ള ദൈവവചനം മാത്രമാണ് സത്യം. അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനെ നല്കി അവരെ സകലസത്യത്തിലും വഴി നടത്തി. അതിനെ അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും ദൈവം ഉറപ്പിക്കയും ചെയ്തു. പൂർണ്ണമായ സത്യം മനുഷ്യരുടെ ജീവനും ഭക്തിക്കും വേണ്ടിയതൊക്കെ ദൈവം വെളിപ്പെടുത്തിക്കഴിഞ്ഞു. ഇനി മറ്റൊരു വെളിപ്പാടിന്റെ ആവശ്യമില്ല. ഏക സുവിശേഷമാണ് മനുഷ്യരുടെ രക്ഷക്കായിട്ടുള്ളത്. അതു ക്രിസ്തുവിന്റെ സുവിശേഷമാണ്. ഇതല്ലാതെ മറ്റൊരു സുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ടവനാണ്. ക്രിസ്തുവിന്റെ ഉപദേശം ആയ പുതിയനിയമം നമ്മുടെ ജീവിതമാർഗ്ഗ രേഖയാക്കി നാം എടുക്കണം.

ദൈവവചനം അങ്ങനെ തന്നെ നാം മനസ്സിലാക്കി പ്രായോഗികമാക്കിയാൽ, പുതിയ നിയമകല്പനകൾ നാം പ്രമാണിച്ചാൽ അതിന്റെ ഫലം നമുക്ക് അനുഭവിക്കാൻ കഴിയും. വിശ്വസനീയമായ തെളിവുകൾ ബൈബിളിനകത്തും പുറത്തും ലഭ്യമാണ്. പുരാവസ്തു ശാസ്ത്രത്തിൽ കണ്ടെടുത്തവയിൽ മുഖ്യമായ ചാവുകടൽ ചുരുളിൽ നിന്നു പഴയനിയമ എഴുത്തുകൾ പരിശോധിക്കാവുന്നതാണ്. തർജ്ജിമകളിൽ വന്നിട്ടുള്ള അപാകതകൾ നീങ്ങപ്പെടുന്നതു മൂല ഭാഷയിലെ കയ്യെഴുത്തു പരിശോധിക്കുമ്പോഴാണ്. കണ്ടെടുക്കപ്പെട്ട പുരാവസ്തുക്കളിൽ പല മേലെഴുത്തുകളും ബൈബിളിന്റെ ആധികാരികതയെ ഉറപ്പിക്കുന്നതാണ്. എല്ലാ തലമുറകൾക്കും ആവശ്യമായ സന്ദേശങ്ങൾ തിരുവചനത്തിലുണ്ട്. ചരിത്രപരമായി, ശാസ്ത്രീയമായി വിശ്വസിക്കുവാൻ പറ്റിയ ഗ്രന്ഥമാണ് ബൈബിൾ. മനുഷ്യരെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും ആയ വചനത്തെ തള്ളിക്കളയാതെ അനുസരിക്കുകയാണ് വേണ്ടത്. നമ്മുടെ ആത്മാവിനു നിത്യജീവൻ ലഭിക്കാൻ വചനമല്ലാതെ മറ്റൊന്നില്ല. നിങ്ങൾ വചനം അനുസരിക്കുവാൻ ഈ പുതുവർഷത്തിൽ വീണ്ടും അവസരം നല്കിയിരിക്കയാണ്. അതനുസരിച്ചു പുതുക്കമുള്ള

ജീവിതം നയിക്കുവാൻ തീരുമാനം എടുക്കുമല്ലോ.

## ക്രിസ്തുവിൽ ആകുക എന്നാലെന്താണ്

ജെ.സി. ചോട്ട്

ക്രിസ്തുവിലാകുന്നതിനെക്കുറിച്ചു ധാരാളം വേദഭാഗങ്ങൾ നമുക്കു ബൈബിളിൽ നിന്നു വായിക്കാം. എന്താണ് ക്രിസ്തുവിൽ ആകുക എന്നു പറഞ്ഞാൽ? അതിനർത്ഥം ക്രിസ്തുവിനു കീഴ്പ്പെടുക എന്നതാണ്. അതായതു ക്രിസ്തുവിന്റെ ഉപദേശത്തിലാകുക എന്നർത്ഥം. ചില വാക്യങ്ങൾ നമുക്കു വായിക്കാം: അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും" (1 കൊരിന്ത്യർ 15:22). വീണ്ടും അവൻ പറഞ്ഞു, "ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്നു സ്തോത്രം" (2 കൊരിന്ത്യർ 2:14). 2 കൊരിന്ത്യർ 5:17-ൽ പൗലൊസ് പറഞ്ഞു, "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു" 2 കൊരിന്ത്യർ 11:3-ൽ പൗലൊസ് മുന്നറിയിച്ചു, "എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു".

ക്രിസ്തുവിൽ ആയിത്തീരുന്നതിനെക്കുറിച്ചു സൂചിപ്പിച്ച വാക്യങ്ങളെ വിട്ടു നമുക്ക് ഇനി എഫെസ്യർ 1:10-14 വരെ ഒന്നു നോക്കാം: "അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നറിയിക്കപ്പെട്ടതു മുമ്പിൽക്കൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കാകേണ്ടതിന്നു തന്നെ. അവനിൽ

നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു." പിന്നെ 1 തെസ്സലൊനിക്യർ 4:16-ൽ നാം വായിക്കുന്നു, "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും."

ഇപ്പോൾ വായിച്ച വേദഭാഗങ്ങളിൽ എന്താണ് അർത്ഥമാക്കിയിരിക്കുന്നത്? അവയിലെല്ലാം ഒരു കാര്യം പൊതുവായിട്ടുണ്ട്. അവ ഓരോന്നും ക്രിസ്തുവിൽ ആകുന്നതിനെക്കുറിച്ചാണ് പറയുന്നത്. എങ്ങനെ ഒരാൾക്കു ക്രിസ്തുവിലാകാൻ കഴിയും എന്ന ചോദ്യത്തിലേക്കു നാം കടക്കുകയാണ്. ക്രിസ്തുവിൽ ആകുക എന്നാൽ ഭൗതികമല്ല; ആത്മികമത്രെ. തിരുവെഴുത്തു പരിശോധിച്ചാൽ ക്രിസ്തുവിൽ ആകുക എന്നാൽ രക്ഷിക്കപ്പെടുക എന്നാണ്. ഒരു വ്യക്തിയുടെ രക്ഷക്കു കർത്താവു കല്പിച്ചിട്ടുള്ളതു അനുസരിച്ചാലത്രെ കർത്താവു രക്ഷിക്കുന്നത്. അതിൽ വിശ്വാസം മാത്രം പോരാ പ്രവൃത്തികളും ഉണ്ടാകണം. രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെടുന്നവരെയാണ് കർത്താവു രക്ഷിക്കുന്നത്. രക്ഷിക്കപ്പെടുന്നവരാണ് പുതിയ സൃഷ്ടികളായിത്തീരുന്നത്. അവർക്കാണ് വിജയവും പ്രത്യാശയും ഉള്ളത്. ക്രിസ്തുവിൽ ആയവർക്ക് ശിക്ഷാവിധിയില്ല. അവർക്കു വാഗ്ദാനം ചെയ്ത എല്ലാ ആത്മിക അനുഗ്രഹങ്ങളും ഉണ്ട്. അവൻ പറയുന്നതു ശ്രദ്ധിക്കുക: "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3). എഫെസ്യയിലെ ക്രിസ്ത്യാനികളോട് അവർ സകല സ്വർഗ്ഗീയാനുഗ്രഹത്താലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു പൗലൊസ് അവരെ ഓർപ്പിക്കുന്നു.

എന്തൊക്കെയാണ് ആ ആത്മികാനുഗ്രഹങ്ങൾ? രക്ഷ, പരിശുദ്ധാത്മാവിന്റെ ദാനം, സഭയിൽ സഹോദരങ്ങളായിത്തീരുക, കൂട്ടായ്മ, പ്രാർത്ഥിക്കുവാനുള്ള നേട്ടം, പാപമോചനം, നിത്യജീവൻ. പ്രത്യേകത എന്തെന്നാൽ ഈ അനുഗ്രഹങ്ങൾ ക്രിസ്തുവിൽ ഉള്ളവർക്കായി മാത്രം വെച്ചിരിക്കുന്നു. അതായതു ക്രിസ്തുവിനു പുറത്തുള്ളവർക്കു ആ അനുഗ്രഹങ്ങൾ ലഭ്യമല്ല എന്നു സ്പഷ്ടം. ആ അനുഗ്രഹങ്ങൾ എല്ലാവർക്കുമായി വെച്ചിരിക്കയാണെങ്കിൽ ക്രിസ്തുവിലാകുന്നതും, ക്രിസ്ത്യാനിയാകുന്നതും, ദൈവപൈതലാകുന്നതും വലിയ പ്രയോജനമില്ലാത്തതായിത്തീരും. ദൈവത്തെ അനുസരിക്കുന്നവർക്കും അല്ലാത്തവർക്കും പ്രകടമായ വ്യത്യാസം ഉണ്ട് എന്ന കാര്യം മറക്കരുത്.

ജഡത്തെ അല്ല, ആത്മാവിനെ അനുസരിച്ചു നടക്കുന്ന, ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല (റോമർ 8:1). ഇവിടെ പറഞ്ഞതു മനസ്സിലാക്കുവാൻ, പൗലൊസ് പറഞ്ഞ ക്രിസ്തുവിലാകുക എന്ന പ്രയോഗം മനസ്സിലാക്കണം, രക്ഷിക്കപ്പെടുക, നിത്യജീവന്റെ പ്രത്യാശയുള്ളവരാകുക എന്ന അവസ്ഥയിലെത്തുന്നവർക്ക് യാതൊരു ശിക്ഷാവിധിയുമില്ല കാരണം അവർ ജഡത്തെ അനുസരിച്ചു ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ല. ആത്മാവിനെ അനുസരിച്ചു ആത്മാവിന്റെ പ്രവൃത്തികൾ അനുസരിച്ചാണ് ജീവിക്കുന്നത്. ചുരുക്കി പറഞ്ഞാൽ ആത്മാവു നല്കിയ സത്യവചനത്തെ അനുസരിക്കുന്നു എന്നർത്ഥം. അങ്ങനെയുള്ളവരെ ദൈവം സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. കർത്താവിനുള്ളവരെ അവൻ അറിയുകയും അവർക്കു വേണ്ടതു നല്കുകയും ചെയ്യും. മരണത്തോളം വിശ്വസ്തത പുലർത്തിയാലേ അവസാനം നിത്യജീവൻ പ്രാപിക്കയുള്ളു. അതിനു ദീർഘക്ഷമയും സഹിഷ്ണുതയും ആവശ്യമാണ്.

അടുത്തതായി നമ്മുടെ മനസ്സിലേക്കു വരുന്ന ചോദ്യം എങ്ങനെ ഒരാൾക്ക് ക്രിസ്തുവിലാകാൻ കഴിയും എന്നതാണ്. ഒരാൾ ക്രിസ്തുവിലാണെന്നു വെറുതെ വിശ്വസിച്ചാൽ മാത്രം പോരാ. അതിനുള്ള നടപടി ക്രമങ്ങൾ ക്രിസ്തു ഒരുക്കിയിട്ടുണ്ട്. ധാർമ്മികമായി നല്ല ജീവിതം നയിച്ചുകൊണ്ട് ആർക്കെങ്കിലും ക്രിസ്തുവിൽ ആകാൻ കഴിയുമോ? ക്രിസ്തുവിന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു

ക്രിസ്തുവിലാകാൻ പറ്റുമോ? പാരമ്പര്യ സമ്പ്രദായങ്ങളിൽ ഊന്നി ആചാരങ്ങൾ അനുഷ്ഠിച്ചാൽ ഒരാൾക്കു ക്രിസ്തുവിലാകാൻ സാധിക്കുമോ? നമുക്കു തിരുവചനമാണ് പരിശോധിക്കുവാനുള്ള ആധികാരിക ഗ്രന്ഥം. റോമർ 6:3–ൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അപ്പോൾ സ്നാനമാണ് ക്രിസ്തുവിനോടു ചേരുവാനുള്ള ഒരു ഘടകം എന്നു വ്യക്തമായല്ലൊ. അതിന്റെ പ്രാധാന്യം പാപസംബന്ധമായ ശരീരത്തെ വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്താലേ ഒരു പുതിയ മനുഷ്യനായി നമുക്ക് പുറത്തു വരുവാൻ കഴിയൂ. യേശുവിന്റെ ക്രൂശിലെ മരണം പാപപരിഹാരത്തിനുള്ള ഒരു നിത്യയാഗമായിരുന്നു. ആ യാഗത്തോട് നാം ഏകീഭവിക്കേണ്ടതായിട്ടുണ്ട്. അതായതു കർത്താവിന്റെ മരണത്തിലും അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും നാം പങ്കുകാരായാൽ മാത്രമെ നമുക്കു ക്രിസ്തുവിൽ ആകുവാൻ കഴിയൂ.

ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റ നാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26, 27). ഇതല്ലാതെ മറ്റേതെങ്കിലും വിധത്തിൽ ക്രിസ്തുവിലാകുവാൻ കഴിയുമോ? ബൈബിളിൽ വേറൊന്നും ഞാൻ വായിക്കുന്നില്ല. വേറെ ഏതെങ്കിലും വഴി ഉണ്ടാകുമായിരുന്നെങ്കിൽ പൗലൊസ് അതു വ്യക്തമാക്കുമായിരുന്നു. എന്നാൽ അവൻ പറഞ്ഞിട്ടില്ല എന്നു മാത്രമല്ല മറ്റു എഴുത്തുകാരും പറഞ്ഞിട്ടില്ല. എന്നാൽ അപ്പൊസ്തലനായിരുന്ന പൗലൊസ് പരിശുദ്ധാത്മനിയോഗത്താൽ പ്രസ്താവിച്ച വേദഭാഗങ്ങളിൽ നിന്നു സ്നാനം ഒരു വ്യത്യാസവും ഇല്ലാതെ എല്ലാവരേയും ക്രിസ്തുവിലാക്കുന്നു എന്നു സ്പഷ്ടമാണ്. ഒരാൾ സ്നാനം കൂടാതെ വിശ്വാസത്താൽ രക്ഷ പ്രാപിക്കാമെന്നു പറയുകയാണെങ്കിൽ, അയാൾ പറയുന്നതു ക്രിസ്തുവിനു പുറത്തു രക്ഷയുണ്ടെന്നാണ്; ചിലർ കരുതുന്നതു രക്ഷിക്കപ്പെട്ട ശേഷം അയാൾക്കു ഒരു അടയാളമായി സ്നാനമേല്ക്കാം എന്നാണ്. ഇതാണോ തിരുവചനത്തിൽ നാം വായിക്കുന്നത്? ഒരിക്കലുമല്ല.

ഇന്നു തിരുവചനത്തെ കോട്ടി മറിച്ചു പഠിപ്പിച്ചു ആളുകളെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ് ഇത്തരം ആളുകൾ. തിരുവചനപ്രകാരം മാത്രമാണ് ഒരാൾ ക്രിസ്തുവിലാകുന്നതു.

സത്യത്തെ അംഗീകരിക്കുവാനാണ് നമുക്കു മനസ്സു വേണ്ടതു. വീണ്ടും പൗലൊസ് പറയുന്നതു നാം സ്നാനം ഏല്ക്കുന്നതു ക്രിസ്തുവിന്റെ ശരീരത്തോടു ചേരുവാനാണ് എന്നത്രേ (1 കൊരിന്ത്യർ 12:13). അതിനർത്ഥം ക്രിസ്തുവിനോടു നമ്മെ ചേർക്കുന്ന അതേ സ്നാനമാണ് നമ്മെ അവന്റെ സഭയിലേക്കു ചേർക്കുന്നതു എന്നാണ്. അവന്റെ സഭയിലാകുക എന്നാൽ അവനിലാകുക എന്നതാണ്. അതല്ലെങ്കിൽ രക്ഷിക്കപ്പെടുക എന്നതാണ്. അപ്പോഴാണ് നാം കർത്താവിനുള്ളവരാകുന്നത്. അങ്ങനെയാണ് നമുക്ക് എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നത്, അതുമൂലമാണ് കല്ലറക്കപ്പുറം നിത്യജീവൻ ലഭിക്കുന്നത്.

★

## സൽപ്രവൃത്തികൾക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടു

തോമസ്. ആർ.ഡി

മനുഷ്യരെ സംബന്ധിച്ചു ദൈവത്തിന്നു പ്രത്യേക ഉദ്ദേശ്യമുണ്ട്. നാം അതു മനസ്സിലാക്കാതെ ഇരിക്കരുത്. നാം അവന്റെ ഉദ്ദേശം മനസ്സിലാക്കി ജീവിച്ചാൽ നമ്മുടെ ജീവിതം അന്വർത്ഥമാകും. അതു ദൈവമുമ്പാകെ പ്രസാദകരമാകും, സഹമനുഷ്യർക്കും പ്രയോജനപ്രദമായിത്തീരും. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണം അല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫെസ്യർ 2:8-10).

ദൈവത്തിന്റെ കൃപയാൽ (പരോപകാര മനോഭാവം) നാം രക്ഷിക്കപ്പെടുന്നു. അതിനു നാം അവനിൽ വിശ്വസിക്കണം

(രക്ഷക്കായുള്ള ആശയം). നാം അവനിൽ ആശ്രയിക്കുമ്പോൾ അവന്റെ ഇഷ്ടത്തിനു കീഴ്പ്പെടും. അവൻ ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു നാം ചെയ്യുമ്പോൾ അവൻ നമ്മെ രക്ഷിക്കും (അഥവാ ശുദ്ധീകരിക്കും). പാപങ്ങളിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതാണ് രക്ഷ. പാപത്തെ നീക്കുവാനായി ആവശ്യമുള്ളതെല്ലാം (ക്രൂശ് മുഖാന്തരം) കർത്താവു ചെയ്തു. മനുഷ്യരാശിയുടെ പാപമെല്ലാം ദൈവം തന്റെ പുത്രന്റെ കാൽവരിയിലെ മരണത്തിൽ ഏറ്റുവാങ്ങി. സാത്താന്റെ ഏറ്റവും വലിയ ആയുധമായ മരണത്തെ, യേശു മരിച്ചു ഉയിർത്തതിലൂടെ നീക്കം ചെയ്തു. ആ മരണം ദൈവത്തിൽ നിന്നുള്ള വേർപാടായിരുന്നു എങ്കിൽ യേശുവിന്റെ യാഗത്താൽ മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാൻ കാരണമായി. ദൈവത്തിന്റെ ഔദാര്യ മനോഭാവത്താലാണ് (അനർഹമായ ഉപകാരത്താലാണ് നാം രക്ഷിക്കപ്പെടുന്നതു. കാരണം നമ്മെ സൗജന്യമായി രക്ഷിക്കുവാൻ ദൈവമാണ് പ്രവർത്തിച്ചത്. നമ്മുടെ രക്ഷക്കുവേണ്ടി ദൈവമുമ്പാകെ യോഗ്യതക്കായി നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല കാരണം നാമെല്ലാവരും പാപികളാണ്. ദൈവത്തിനു പാപികളെ ശിക്ഷിച്ചാൽ മതിയായിരുന്നു. കാരണം പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ 6:23).

മനുഷ്യരോടു ദൈവത്തിനു ആ കാര്യത്തിൽ ഒരു കടപ്പാടുമില്ല. ദൈവം മനുഷ്യർക്കു അവനെ അനുസരിക്കുവാനും അനുസരിക്കാതിരിക്കുവാനും സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. എങ്കിലും മനുഷ്യർ അങ്ങനെ നശിച്ചുപോകരുതല്ലോ എന്ന മനോഭാവത്താൽ മനുഷ്യരുടെ രക്ഷക്കു ഒരു പദ്ധതി ഒരുക്കി. ദൈവം ദയയും കരുണയും മനസ്സലിവും ഉള്ളവനാണ്. തന്റെ ഏകജാതനായ പുത്രനെ ദൈവം യാഗമാക്കുവാൻ അയച്ചു. ദൈവപുത്രന്റെ കുറ്റമില്ലാത്തതും തികവുള്ളതുമായ യാഗത്തിൽ ദൈവം സംപ്രീതനായി. ദൈവത്തിന്റെ അത്ഭുതാവഹമായ സ്നേഹം സർവ്വമനുഷ്യർക്കുമായി അവൻ പ്രദർശിപ്പിച്ചു. ദൈവത്തിന്റെ പ്രവൃത്തിയിലൂടെ ദൈവമനസ്സു അവൻ വരച്ചു കാണിച്ചു. ആരും നഷ്ടപ്പെട്ടു പോകുന്നതു ദൈവത്തിനു ഇഷ്ടമല്ല (മത്തായി 18:14). യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ ജനങ്ങൾക്കു വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. സൽഗുണ സമ്പന്നനായി ജീവിച്ച

യേശുക്രിസ്തുവിന്റെ ജീവിതം കണ്ട് ആളുകൾ ദൈവത്തെ മഹത്വപ്പെടുത്തി. അതുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്ന നമ്മുടേയും ലക്ഷ്യം അതായിരിക്കണം. നാം മറ്റുള്ളവർക്കു ഉപകാരപ്രദമായി ജീവിക്കണം എന്നർത്ഥം. ലോകത്തിൽ സ്വാർത്ഥത യാണ് നിറഞ്ഞു നില്ക്കുന്നത്. ദൈവം അനുഗ്രഹിക്കുന്ന ജീവിതം നിസ്വാർത്ഥമാണ്. ദൈവം ക്രിസ്ത്യാനികൾക്കുവേണ്ടി സൽപ്രവൃ ത്തികൾ മുന്നൊരുക്കിയിരിക്കയാണ്. അപ്പൊസ്തലന്മാരും അവ രുടെ ജീവിതം ആത്മാക്കളുടെ രക്ഷക്കായി സമർപ്പിക്കയുണ്ടായി. അതുകൊണ്ടാണ് വചനം പറയുന്നതു നന്മ സുവിശേഷിക്കുന്ന വരുടെ കാൽ എത്ര മനോഹരം.

നാം ചെയ്യുന്ന പ്രവൃത്തികളിൽ ദൈവം പ്രസാദിക്കുമോ എന്നു ഓരോരുത്തരും ചിന്തിക്കണം. ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കയും സേവിക്കയും ചെയ്യേണ്ടവരാണ് നാം. ആത്മ സേവനത്തിലൂടെ സാമൂഹ്യ സേവനമാണ് ദൈവപദ്ധതി. എന്നാൽ മനുഷ്യർ നേരെ മറിച്ചാണ്. ആത്മസേവനത്തെ ഗണ്യമാക്കാതെ സാമൂഹ്യ സേവനത്തിൽ മാത്രം ലക്ഷ്യമിടും. ഇതു ദൈവം ഉദ്ദേശിക്കുന്ന ഫലം ചെയ്യുകയില്ല. "അവൻ ചിലരെ അപ്പൊസ്തല ന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷക ന്മാരായും ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമി ച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവ പുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വ ത്തിനുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനക്കും ആകുന്നു.

അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായ ത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരി ച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി

ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു (എഫെസ്യർ 4:11-16).

പേരിൽ മാത്രം ക്രിസ്ത്യാനിയായാൽ പോരാ. നാം യേശുക്രിസ്തു എന്ന ദൈവപുത്രന്റെ സ്വഭാവത്തിൽ വളർന്നു പക്വത പ്രാപിക്കണം. ക്രിസ്തുവിനെപോലെ ആകുന്നതു വരെ നാം വളർന്നുകൊണ്ടിരിക്കണം. അതിനു ദൈവത്തിൽ ആശ്രയവും, പ്രത്യാശയും, ഉറപ്പും ആവശ്യമാണ്. സ്ഥിരതയും വിശ്വസ്തതയും മുറുകെ പിടിക്കണം. നാം ദൈവസന്നിധിയിൽ തികഞ്ഞവരാകുവാൻ അവന്റെ ഇഷ്ടമനുസരിച്ചു അവനെ പ്രസാദിപ്പിക്കണം. പിന്നെ നാം സ്നേഹത്തിൽ സത്യം സംസാരിക്കണം. ആകയാൽ അവന്റെ ശരീരത്തിലായ എല്ലാ അംഗങ്ങളും ക്രിസ്തു എന്ന തലയിൽ നിന്നു വളർച്ചക്കു ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കണം. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ഓരോരുത്തരും ശരീരത്തിന്റെ നിലനില്പിനും വളർച്ചക്കും വേണ്ടി പ്രവർത്തിക്കണം. യോജിച്ചു അവനവന്റെ പ്രവൃത്തി യുക്തമായി ചെയ്യണം. സ്നേഹത്തിൽ ഐകമത്യത്തിൽ ക്രിസ്തുവിനുവേണ്ടി ജീവിക്കണം.

നാം തമ്മിൽ തമ്മിലുള്ള ബന്ധവും ദൈവത്തോടുള്ള ബന്ധവും യോജിപ്പിച്ചുകൊണ്ടുപോകണം. ഓരോരുത്തരുടേയും ചിന്ത ആ രീതിയിലാകണം. പലർക്കും പറ്റുന്ന കുഴപ്പം അവർ ലൗകികമായി ചിന്തിക്കുന്നു എന്നതാണ്. അതുകൊണ്ടാണ് നിങ്ങളുടെ ചിന്ത ഉയരത്തിലുള്ളതിൽ ആയിരിക്കണം എന്നു പൗലൊസ് പറയുവാൻ കാരണം. എന്തെല്ലാം സൽപ്രവൃത്തികളാണ് ദൈവം ക്രിസ്ത്യാനികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്? ധാരാളം പ്രവൃത്തികൾ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. പക്ഷെ ഒരു മനുഷ്യായുസിൽ എന്തെല്ലാം ചെയ്യുവാൻ കഴിയും? എന്തൊക്കെ ചെയ്താലാണ് ദൈവം പ്രസാദിക്കുക. ജഡ രക്തബന്ധത്തിലുള്ളവരോടു ചെയ്യുന്ന സഹായം സൽപ്രവൃത്തിയാണോ? അതോ പ്രത്യുപകാരം പ്രതീക്ഷിച്ചു ചെയ്യുന്നതാണോ സൽപ്രവൃത്തികൾ? ഈ വിഷയത്തെക്കുറിച്ചു കർത്താവു എന്തു പഠിപ്പിച്ചു എന്നു നമുക്കു നോക്കാം.

"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ

അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിർത്തും. രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന്നു നീതിമാന്മാർ അവനോടു, കർത്താവേ ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നുത്തരം പറയും. രാജാവു അവരോടു എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും.

യേശു ചെയ്ത ധാരാളം സൽപ്രവൃത്തികൾ ബൈബിളിൽ നിന്നു നാം വായിക്കുന്നുണ്ട്. അവയിൽ ഒന്നു നമ്മുടെ മനസിലേക്കു വരുന്നതു അയ്യായിരം പേരെ അവൻ പോഷിപ്പിച്ചതാണ്. നല്ല ശമര്യക്കാര നിലൂടെ ആപത്തിൽ സഹായിക്കുക എന്നതു സൽപ്രവൃത്തിയായി ചിത്രീകരിച്ചിരിക്കുന്നു. സഭ ആരംഭിച്ച ഉടനെ ക്രിസ്ത്യാനികൾ സഹോദരങ്ങളുടെ ആവശ്യം നിറവേറ്റുവാൻ അവരുടെ വസ്തു വകകൾ വിറ്റു അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവന്നു വെച്ചിട്ടുണ്ട്. തുടർന്നു സഭയിൽ വിശ്വസ്തരായി ജീവിച്ച സ്ത്രീ പുരുഷന്മാർ തങ്ങളുടെ താലന്തുകൾ മറ്റുള്ളവരുടെ ആവശ്യങ്ങൾ ക്കായി ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്ത്യാനികൾ സൽപ്രവൃത്തിയിൽ മുമ്പന്മാരായി തീരണം. അതാണ് ദൈവഹിതം. അതിനു വേണ്ടിയാണ് ദൈവം നമ്മെ പുതിയ സൃഷ്ടികളാക്കിയിരിക്കുന്നത്.

സ്ത്രീകൾക്കു വേണ്ടി

# പ്രിയപ്പെട്ട മണവാട്ടി

ബെറ്റി ചോട്ട്

**ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ**

ആദ്യമായി ദൈവം സഭയെ നോക്കുന്നതു തന്റെ പുത്രന്റെ രക്തത്തിലൂടെയാണ്. കാരണം യേശു തന്റെ രക്തം കൊടുത്തു വിലക്കു വാങ്ങിയതാണ് സഭ. മാനുഷിക ചിന്തയിൽ ഒരു മനുഷ്യൻ മറ്റുള്ളവർക്കുവേണ്ടി അവരുടെ ക്ഷേമത്തിനായി ത്യാഗം അനുഷ്ഠിച്ചാൽ അതു പ്രകീർത്തിക്കപ്പെടും, ആ വ്യക്തി പ്രത്യേകതയുള്ളവനായി പരിഗണിക്കപ്പെടും. അങ്ങനെയുള്ള ത്യാഗം നേരിട്ട് ഫലപ്രദമായിത്തീരും. എന്നാൽ ദൈവം സഭയെ നോക്കുമ്പോൾ വളരെ ഉയർന്ന ഒന്നായി കണക്കാക്കും. ആ യാഗവുമായി ബന്ധപ്പെടുന്നവർ വിശുദ്ധീകരിക്കപ്പെടും. ജനങ്ങളുടെ പാപ പരിഹാരത്തിനായി ദൈവം വെച്ചിരിക്കുന്ന വിശുദ്ധീകരണ ഘടകമാണ് യേശുവിന്റെ രക്തം.

രണ്ടാമതായി ദൈവം തന്റെ ജനത്തെ നോക്കുന്നതു പൂർണ്ണതയുള്ള ആളുകളായിട്ടല്ല, മറിച്ച് പൂർണ്ണമാക്കപ്പെട്ടവരായിട്ടാണ്. ഒരു മനുഷ്യനും പാപം കൂടാതെ ജീവിക്കുവാൻ സാധ്യമല്ല. ഒരു ക്രിസ്ത്യാനിക്കും പാപരഹിതനായി ജീവിക്കുവാൻ പ്രയാസമാണ്. എന്നാൽ, ക്രിസ്തുവിൽ ആയിത്തീർന്നവർ ദിവസന്തോറും ദൈവത്തെ പ്രസാദിപ്പിച്ച് അവനെ അനുസരിക്കുവാൻ പരിശ്രമിക്കുന്നു. അറിയാതെ ചെയ്യുന്ന പാപം ദൈവം കണക്കാക്കുന്നില്ല (റോമർ 4:8). ക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടുന്ന ആളെ ശുദ്ധീകരിക്കുന്ന രക്തം തുടർച്ചയായി ശുദ്ധീകരിച്ചു കൊണ്ടിരിക്കും. ക്രിസ്തുവിന്റെ രക്തം സകല പാപങ്ങളെയും ശുദ്ധീകരിപ്പാൻ മതിയായതത്രെ (1 യോഹന്നാൻ 1:7).

പലരും വിചാരിക്കുന്നതു ന്യായവിധിനാളിൽ ദൈവം ഓരോരുത്തരുടേയും പാപങ്ങൾ ഒരു തുലാസിന്റെ ഒരു തട്ടിലും മറ്റൊരു തട്ടിൽ ചെയ്ത സൽപ്രവൃത്തികളും ഇടും. അതിൽ ഏതാണോ കൂടുതൽ അതനുസരിച്ചായിരിക്കും ആ വ്യക്തി രക്ഷിക്കപ്പെടുന്നതും നഷ്ടപ്പെടുന്നതും എന്നാണ്. എന്നാൽ ഈ

ആശയം ബൈബിളിനു അന്യമാണ്. കാരണം അതു ക്രിസ്തുവിന്റെ രക്തത്തെ പ്രയോജനം ഇല്ലാതാക്കുന്നു. കൂടാതെ രക്ഷ പൂർണ്ണമായും ഒരാളുടെ പ്രവൃത്തിയെ ആശ്രയിച്ചാകും. അതു ദൈവനിയമത്തിനു വിരുദ്ധമാകും.

സത്യം എന്തെന്നാൽ ഒരു പാപത്തിനു പോലും സ്വർഗ്ഗത്തിൽ പ്രവേശനം ഇല്ല. ക്രിസ്ത്യാനികൾക്കു രണ്ടു വിധത്തിലാണ് പാപങ്ങൾ വരാൻ സാധ്യത: 1) അറിയാതെ ചെയ്യുന്ന പാപം ക്രിസ്തുവിന്റെ രക്തത്താൽ മായിച്ചു കളയുന്നു. അതുകൊണ്ട് അതു അയാളുടെ പേരിൽ കണക്കിടുന്നില്ല. 2) മനഃപ്പൂർവ്വം പാപം ചെയ്യുന്നവരുണ്ട്. അവർ മാനസാന്തരപ്പെട്ടു ഏറ്റു പറയുന്നില്ലെങ്കിൽ അവരുടെ പാപങ്ങൾക്കു വേണ്ടി ഒരു യാഗവും അവശേഷിക്കുന്നില്ല. പിന്നെ അവർക്കു ഭയങ്കരമായൊരു ന്യായവിധിയാണുള്ളത്. എന്നാൽ മാനസാന്തരപ്പെട്ട് ഏറ്റു പറയുന്നവരോടു ദൈവം ക്ഷമിക്കും. അത്തരം മനഃപ്പൂർവ്വം പാപം ചെയ്തു ജീവിക്കുവാനോ മരിക്കുവാനോ ഒരു ക്രിസ്ത്യാനി ധൈര്യപ്പെടുകയില്ല. കാരണം അയാൾക്ക് അതിന്റെ ഭവിഷ്യത്ത് നന്നായി അറിയാം. ദൈവം തന്റെ വചനത്തിൽ സ്പഷ്ടമായി അരുളിച്ചെയ്തിരിക്കുന്നതു മനഃപ്പൂർവ്വം അനുസരണക്കേടുമായി ആർക്കും സ്വർഗ്ഗത്തിൽ പോകാൻ സാധ്യമല്ല എന്നാണ്.

അതുകൊണ്ട് സഭയിലുള്ള ആളുകൾ പൂർണ്ണതയുള്ളവരല്ല, മറിച്ചു പൂർണ്ണമാക്കപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട ആളുകളും തുടർച്ചയായി ദൈവപുത്രന്റെ രക്തത്താൽ ശുദ്ധീകരണം ലഭിച്ച വരുമാണ്. പാപം നിറഞ്ഞ ലോകത്തിൽ, ദൈവം ക്രിസ്ത്യാനികളെ കാണുന്നതു ഇരുട്ടിൽ പ്രകാശിക്കുന്ന വെളിച്ചമായിട്ടാണ്. ക്രിസ്തു അവന്റെ ഉയിർപ്പിനാൽ അവരെ നീതീകരിക്കുന്നതായിട്ടാണ്. ദൈവത്തിന്റെ നീതിയാലാണ് ക്രിസ്തുവിൽ നമ്മെ നീതീകരിക്കുന്നത്. മാനുഷ നീതിയും ദൈവനീതിയും രണ്ടും രണ്ടാണ്.

മൂന്നാമതായി തന്നെ സ്നേഹിക്കുന്നവരെ അവൻ കാണുന്നു. നാം ആൾത്തിരക്കുള്ള വീഥികളിൽ നടന്നു നീങ്ങുമ്പോൾ നാം ചുറ്റും വീക്ഷിക്കും. പരിചയം ഉള്ളവർ ഉണ്ടോ എന്നാണ് നാം നോക്കുന്നത്. അങ്ങനെ ആരെയെങ്കിലും കണ്ടാൽ നാം ഓടിച്ചെന്നു അവരോടു സംസാരിക്കും. ഒരു സഹോദരനാകാം, സഹോദരി

യാകാം, ഭർത്താവാകാം, അപ്പനാകാം, മക്കളാകാം, അപരിചിതർക്കിടയിൽ പരിചയമുള്ള ഒരു മുഖം ദൃശ്യമാകുന്നതു നമുക്കു ഏറ്റവും സന്തോഷപ്രദമായിരിക്കും.

ദൈവം ലോകത്തെ വീക്ഷിക്കുമ്പോൾ, പാപക്കറകൾ പുരണ്ട് ഇരുട്ടിൽ വസിക്കുന്നവർക്കിടയിൽ പ്രകാശിക്കുന്ന വിലയുള്ള ഭക്തരെ അവൻ കാണുന്നു. ക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെട്ടു അവന്നായി സമർപ്പിക്കപ്പെട്ടവർ. അവരെ കാണുമ്പോൾ ദൈവഹൃദയം സന്തോഷിക്കും. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും.

നാലാമതായി, സഭയിലുള്ള ആളുകളെ ദൈവം കാണുന്നതു ഒരേ- മനസ്സുള്ളവരായിട്ടാണ്. ഒരേ-മനസ്സ് ഒരു വലിയ നിക്ഷേപം തന്നെയാണ്. ഇത്തരത്തിലുള്ള സ്നേഹിതമാരോടു ആവേശത്തോടു കൂടെ ദീർഘമായി സംസാരിക്കും. വീട്ടിലുള്ള മറ്റെല്ലാവരും ഉറങ്ങാൻ കിടന്നാലും ഞാൻ പിന്നെയും അവരോടു സംസാരിച്ചിരിക്കാൻ ഇഷ്ടപ്പെടും. പിന്നെ മേശക്കു ചുറ്റും ഇരുന്നു എത്രത്തോളം ചിന്തകൾ പങ്കിടാമോ അത്രയും പങ്കിടും. എല്ലാ പരിചയക്കാരോടും ഇത്തരം കൈമാറ്റം അസാധ്യമാണ്. ഒരേ രീതിയിൽ ചിന്തിക്കുന്നവരും നമ്മെ കരുതുന്നവരുമായി നമുക്ക് ഒരു പ്രത്യേകതയുണ്ട്. അവരുമായി നാം നമ്മുടെ ചിന്തകൾ കൈമാറും. അതു ദൈവവും തന്റെ മക്കളുമായുള്ള ബന്ധത്തിലും വാസ്തവമാണ്. ഏകമനസ്സുള്ളവർക്കു സുദീർഘമായ കൂട്ടായ്മ ഒരുമിച്ച് അനുഭവിക്കാൻ കഴിയും. ഏകമനസ്സുള്ളവർ തങ്ങളുടെ മനസു തുറന്നു പ്രാർത്ഥനയോടെ മനുഷ്യമനസ്സും ഹൃദയവും ദൈവമുൻപാകെ തുറക്കേണ്ടതിനായിരിക്കും.

അഞ്ചാമതായി, സഭ ദൈവത്തിന്റെ മനോഹരവും പ്രത്യേകതയുമുള്ളതുമാണ് കാരണം അവരെ അവൻ കാണുന്നതു തന്റെ മാതൃക പിൻപറ്റുന്നവരായിട്ടാണ്. കറ പുരളാത്തതും വിശുദ്ധവുമായ മറ്റൊരു ജീവിതം ഇല്ല. അതുകൊണ്ട് മനുഷ്യരുടെ ആവശ്യങ്ങൾക്കു യോജിച്ചതാണ്. ആരംഭത്തിൽ തന്റെ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടതാണെങ്കിലും, അതു നഷ്ടപ്പെടുത്തിയവർക്കു ദൈവിക സ്വഭാവം പുതുക്കിക്കൊടുത്തതായിട്ടാണ് ദൈവം കാണുന്നത്. അവരെ തന്റെ ജനമായി അറിയുന്നതു ദൈവത്തിനു വലിയ സന്തോഷം ജനിപ്പിക്കുന്നതാണ്.

ആറാമതായി, സകല ഭൂവാസികൾക്കിടയിലും സഭ ദൈവദൃഷ്ടിയിൽ പ്രാധാന്യമുള്ളതാണ് കാരണം അവൾ അവന്റെ പൈതങ്ങളാണ്. മാതാപിതാക്കൾ അവരുടെ മക്കളെക്കുറിച്ചു അഭിമാനിക്കുന്നവരാണ്. മക്കൾ നന്നായാൽ അതു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അവർ പക്വതയിലേക്കു വളർന്നാൽ, അവർ ചെയ്യുന്ന പ്രവൃത്തികൾ അവരുടേതായിരിക്കും. അവരുടെ ചിന്തകളും നിശ്ചയങ്ങളും മാതാപിതാക്കളിൽ നിന്നു കടമെടുക്കുന്നതായിരിക്കയില്ല. അവരുടെ വളർച്ച കാണുമ്പോൾ നമ്മുടെ ഹൃദയം തുടിക്കും. ദൈവത്തിനു തന്റെ മക്കളെക്കുറിച്ചുള്ള തോന്നലും അഭിമാനവും ഒന്നോർത്തു നോക്കുക - സഭ ലോകത്തിലെ പരീക്ഷണങ്ങളേയും വെല്ലുവിളികളേയും അതിജീവിച്ച് വളരുമ്പോൾ, അവരുടെ ആത്മീയ ശക്തിയിൽ ദൈവത്തിനു എന്തു തോന്നും? ഇയ്യോബിനെക്കുറിച്ചു സാത്താനോടു ചോദിച്ച ചോദ്യം ഓർമ്മിക്കുന്നുണ്ടോ? പിതാവിന്റെ അഭിമാനം - നിങ്ങൾ ആ ചോദ്യത്തിൽ കേൾക്കുന്നില്ലേ? "എന്റെ ദാസനായ ഇയ്യോബിൽ നീ ദൃഷ്ടി വെച്ചുവോ? അവനെപ്പോലെ നിഷ്ക്കളങ്കനും, നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്നു പറഞ്ഞു" (ഇയ്യോബ് 1:8).

ഏഴാമതായി, യേശു സഭയെ തന്റെ മണവാട്ടിയായിട്ടാണ് കാണുന്നത്. എന്താണ് മണവാട്ടി എന്നു പറഞ്ഞാൽ? അവൾ തിരഞ്ഞെടുക്കപ്പെടുന്നവൾ; ഒരു യുവാവ് മറ്റുള്ളവരിൽ നിന്നു ഒരു സ്ത്രീയെ തന്റേതായി വിവാഹത്തിനു തിരഞ്ഞെടുക്കുന്നു. അവൻ അവളെ നോക്കുമ്പോൾ ഊഷ്മളമായ സ്നേഹം മാത്രമല്ല, കൈവശമാക്കിയ സ്നേഹമാണ് കാണുന്നത്. അവൾ എന്റേതാണ്! അവൾക്കായി അവൻ ജീവിക്കുന്നു, അവളെ ഉപദ്രവങ്ങളിൽ നിന്നു രക്ഷിക്കുവാൻ ഒരുപക്ഷെ മരിക്കുവാൻ പോലും അവൻ തയ്യാറാകുന്നു. അതാണ് യേശുവിന്റെ സഭയുടെ ചിത്രം. ദൈവപുത്രൻ തിരഞ്ഞെടുത്ത് തന്റേതാകുവാനായി അവൾക്കു വേണ്ടി മരിച്ചു. അവൾ അവന്റെ പേരാണ് ധരിക്കുന്നത്, അവൾ അവനെ കർത്താവും യജമാനനുമായി കാണുന്നു. കാരണം അവനു അവളോടുള്ള മഹത്തായ സ്നേഹമാണ്; അവളിൽ കൂടെയാണ് തന്റെ വിജയം അവൻ പിതാവിനു ഏല്പിക്കുന്നത്. അതിനുശേഷം

രാജാവും രാജ്ഞിയും എന്നേക്കും സന്തോഷപ്രദമായി ജീവിക്കും. യഥാർത്ഥ ജീവിതത്തിൽ അതല്ല അനുഭവം. കാരണം നാം ലോകത്തിൽ ആയിരിക്കുമ്പോൾ ജഡത്തിലാണ്. പക്ഷെ സ്വർഗ്ഗത്തിൽ ആത്മാക്കളാണ്. പിതാവിന്റെ അടുക്കൽ എന്നേക്കും സന്തോഷത്തോടെ വസിക്കുവാൻ നിങ്ങൾ എല്ലാവരും കാണട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

✶

## അറിവില്ലാത്തവർ രക്ഷിക്കപ്പെടുമോ?

ഡേവിഡ് തർമാൻ

പലർക്കും ഒരു ചോദ്യമായി അവശേഷിക്കുന്ന വിഷയമാണിത്. അറിയായ്മയുടെ കാര്യത്തിൽ വാദിക്കുന്ന ആളുകൾ. ദൈവത്തിന്റെ രക്ഷ എല്ലാവർക്കുമായിട്ടുള്ളതാണ്. ആ രക്ഷ എങ്ങനെ ലഭിക്കുമെന്ന് ആളുകൾ അറിഞ്ഞിരിക്കണം. എന്നാൽ ദൈവകല്പനകളോ, അരുളപ്പാടുകളോ അറിഞ്ഞിട്ടില്ലാത്ത അജ്ഞതയിൽ കഴിയുന്നവർക്കു രക്ഷയുണ്ടോ എന്നതാണ് ചോദ്യം. എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നു മനുഷ്യരോടു ദൈവം കല്പിക്കുന്നു (പ്രവൃത്തി 17:30). എല്ലാവരും മാനസാന്തരപ്പെടണമെന്നു വ്യക്തമായി ഈ വാക്യം വെളിപ്പെടുത്തുന്നു. ഇതിനു പകരമായി ആർക്കും ഒന്നും ചെയ്യാനാവില്ല. സുവിശേഷ സന്ദേശം ഒരിക്കലും കേട്ടിട്ടില്ലാത്തവരും ഇതിൽ ഉൾപ്പെടും. അജ്ഞത രക്ഷക്കു സഹായകരമാണെന്ന വസ്തുത പൊതുവിൽ ഉള്ളതാണ്; മാനുഷികമാണ്. വേദ പുസ്തകത്തിൽ എന്താണ് കല്പിച്ചിട്ടുള്ളത്?

പ്രസംഗിക്കാതിരിക്കുന്നതല്ല ആളുകളെ ശിക്ഷക്കു വിധിക്കുന്നത് എന്ന കാര്യം നാം ആദ്യം അറിഞ്ഞിരിക്കണം. പാപം ചെയ്യുന്ന ദേഹിയാണ് മരിക്കുന്നത് (യെഹെസ്ക്കേൽ 18:20). പാപത്തിന്റെ ശമ്പളം മരണമത്രെ (റോമർ 6:23). നീതിമാൻ ആരുമില്ല, ഒരുത്തൻ പോലും ഇല്ല; ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു (റോമർ 3:23). ആളുകൾ

നഷ്ടപ്പെടുന്നതു മറ്റൊന്നുകൊണ്ടുമല്ല, അവരുടെ പാപം നിമിത്തമാണ്. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വസിക്കുന്നവനു ന്യായവിധിയില്ല, വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു (യോഹന്നാൻ 3:17-18). ലോകത്തെ വിധിച്ചു കഴിഞ്ഞു. യേശുക്രിസ്തു വന്നപ്പോഴാണ് ശിക്ഷെക്കു വിധിച്ചത്. പാപത്തിൽ നിന്നും മരണത്തിൽ നിന്നും പുറത്തു കടക്കുവാനുള്ള ഒരു വഴി അവൻ നല്കി. ലോകം മുഴുവൻ ഈ സംഭവം അറിയപ്പെട്ടു കഴിഞ്ഞതാണ്; അല്ലെങ്കിൽ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്.

അജ്ഞത ആരെയെങ്കിലും രക്ഷിക്കുമെങ്കിൽ അയാളുടെ പാപം നിലനിർത്തിക്കൊണ്ടായിരിക്കണമല്ലോ അങ്ങനെ ചെയ്യുന്നത്. അതായത് യേശുക്രിസ്തുവിനെയോ അവന്റെ രക്തത്തെയോ കൂടാതെയാണെന്നു വരുന്നു. മനുഷ്യർ എങ്ങനെയുള്ളവരായിരുന്നാലും ഒരേ ഒരു രക്ഷകനും ഒരേ ഒരു രക്ഷാനിലവാരവുമാണ് ദൈവത്തിനുള്ളത്. വിവിധ രീതിയിലുള്ള നിലവാരമല്ല ദൈവത്തിന്റേത്. ദൈവ നീതി എല്ലാവർക്കും ഒരുപോലെയാണുള്ളത്. അവസാനം വരെ പാപത്തിൽ ജീവിച്ചിട്ടു അറിയായ്മകൊണ്ടു ദൈവത്തോടു അടുക്കാമെങ്കിൽ ലോകം മുഴുവൻ സുവിശേഷം അറിയിച്ചതും വ്യർത്ഥമായില്ലേ? തന്നെയുമല്ല എക്കാലവും നിലനില്ക്കുന്ന ഒരു കാര്യമുണ്ട്. മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല (പ്രവൃത്തി 4:12). നിങ്ങൾ ക്രിസ്തുവിനു പുറത്താണെങ്കിൽ നിങ്ങളെ ശിക്ഷെക്കു നിയമിച്ചു കഴിഞ്ഞു. കാരണം ക്രിസ്തുവിന്റെ വചനത്തെ മാനിക്കുന്നില്ല എന്നതാണ്. അതു പാപം നിമിത്തമാണ്. പാപപരിഹാരം കണ്ടെത്തുക എന്നതാണ് വ്യക്തികളുടെ കടമ. തികച്ചും പ്രായോഗികവും ദൈവസന്നിധിയിൽ സ്വീകാര്യവുമായ വഴി കണ്ടെത്തണം.

രക്ഷിക്കപ്പെടുവാനുള്ള അവസരം ലഭിക്കാതെ നഷ്ടപ്പെട്ടു പോകുന്നു എന്ന ചിന്ത നമ്മുടെ മാനുഷിക നീതിബോധത്തെ

ഉണർത്തുന്നു. ആത്മീയമായി അവർ മരിക്കേണ്ടി വരിക എന്നതു മനുഷ്യർക്കു വിഷമകരമാണ്. പക്ഷെ ജീവിതത്തിൽ മറ്റേതൊരു കാര്യത്തിലും നമ്മൾ അതു പ്രായോഗികമാക്കുന്നില്ല. നമ്മൾ അറിഞ്ഞ സത്യം മറ്റുള്ളവരെ അറിയിക്കുവാനുള്ള കർത്തവ്യം നമ്മിൽ ഉണ്ട്. നമുക്കു നമ്മുടെ അജ്ഞതയിൽ കഴിഞ്ഞു സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള മാർഗ്ഗം ഉണ്ടായിരുന്നെങ്കിൽ യേശു സ്വർഗ്ഗം വെടിഞ്ഞു ഭൂമിയിൽ വരേണ്ട ആവശ്യം തന്നെ ഉണ്ടായിരുന്നില്ല; സുവിശേഷം ലോകത്തിൽ എല്ലായിടത്തും പ്രസംഗിക്കയും ചെയ്യേണ്ടിയിരുന്നില്ല. അറിയാതെ തെറ്റു ചെയ്യുന്നു എന്നു പറഞ്ഞാൽ നമുക്കു മനസിലാക്കാം. പക്ഷെ തെറ്റു ചെയ്തിട്ടു രക്ഷക്കുള്ള മാർഗ്ഗം അറിഞ്ഞില്ല എന്നു പറയുന്നതു നീതീകരിക്കാൻ പറ്റാത്ത ഒന്നാണ്. അജ്ഞത നിങ്ങളെ മോഷണത്തിൽ നിന്നു രക്ഷിക്കാറില്ല. വൈദ്യുതാഘാതത്തിൽ നിന്നു അജ്ഞത ആരെയും രക്ഷിക്കാറില്ല.

ആകയാൽ പാപത്തിൽ നിന്നു അറിയായ്മയുടെ പേരിൽ രക്ഷിക്കണമെന്നു പറയുന്നതു ദൈവ സന്നിധിയിൽ നീതി ആകയില്ല. ദൈവം കൃപാലുവാണ്, ദയയും മനസലിവും ഉള്ളവനാണ്, രക്ഷ ദൈവത്തിന്റെ കൃപയാൽ ലഭിക്കുന്ന സൗജന്യമാണ് എന്നതെല്ലാം ശരിയാണ്, ദൈവനീതി നിറവേറ്റുവാൻ യേശു ശരീരത്തിൽ കഷ്ടത സഹിച്ചു, ക്രൂശിൽ ദാരുണമായി കൊല്ലപ്പെട്ടു. മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാനായിരുന്നു അതെല്ലാം. അതുകൊണ്ടു യേശുക്രിസ്തു മുഖാന്തരം അല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ എത്തുവാൻ കഴിയുകയില്ല.

★

## പിശാചിനെ തോല്പിക്കാനുള്ള ഏക മാർഗം

ഗ്യാരി സി. ഹാംടൺ

ശരിയായി ചിന്തിക്കാൻ കഴിയുന്ന ഏതൊരാൾക്കും സംശയലേശമെന്യെ പറയാവുന്ന കാര്യമാണ് സാത്താൻ ഇന്നും ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നു എന്നത്. അക്രമവും ദുഷ്ടതയും നമുക്കു ചുറ്റും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ ടെലിവിഷനിൽ കൂടെ ദൃശ്യമാകുന്ന കാഴ്ച്ചകൾ തന്നെ സാമാന്യ

ധാർമ്മികതക്കപ്പുറത്തുള്ളവയാണ്. ക്രിസ്ത്യാനിത്വത്തിന്റെ ശക്തിയെയും ഫലത്തെയും ചോദ്യം ചെയ്യുന്നവർ പോലും ഉണ്ട്. ഒരു വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കയാണ് എല്ലാവരും. യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ സത്യത്തിൽ നിന്നകന്നു പോകുന്നതിനെയും ആളുകൾ ചോദ്യം ചെയ്യാറുണ്ട്. എന്തുകൊണ്ടാണ് സഭയ്ക്കു സമൂഹത്തിൽ ചെലുത്താൻ കഴിയുന്നതിനേക്കാൾ സ്വാധീനം. സഭയിൽ സമൂഹം ചെലുത്തുന്നത്? എന്തുകൊണ്ടു അനേകം പാപികൾ വെളിച്ചത്തിലേക്കു വരുന്നില്ല?

ഭിന്നത എന്ന ലളിതവും ശക്തവും മരണകരവുമായ ഒരു വാക്കിൽ തട്ടി നില്ക്കുന്നു. അതാണ് ഭിന്നത എന്നത്. ഇന്നു ലോകത്തിൽ എല്ലാ രാജ്യങ്ങളിലും കാണാവുന്നതാണ്. മതപരമായ ലോകത്തിൽ ഈ വിഭജനം ലോകത്തിൽ അവിശ്വാസം ജനിപ്പിക്കും. മതപരമായ ലോകത്തിൽ കലക്കം ആണ് ഇതുണ്ടാക്കുന്നത്. ഈ കലക്കം സമാധാന പ്രഭുവിൽ നിന്നുത്ഭവിച്ചതല്ല. ആത്മീയ വരങ്ങളെ കുറിച്ച് അറിവില്ലാതിരുന്ന കൊരിന്ത്യാ സഭക്കു അപ്പൊസ്തലനായ പൗലൊസ്, അതെങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ട്. അവൻ അവരോടു പറഞ്ഞു: പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രെ (1 കൊരിന്ത്യർ 14:32-33). ക്രിസ്ത്യാനിത്വത്തെ കലക്കിയിട്ടിരിക്കുന്ന സമൂഹം അതിന്റെ ശക്തിയെയും സ്വാധീനത്തെയും എങ്ങനെ അനുഭവിക്കും?

ഈ ഭിന്നത എന്ന പ്രശ്നത്തിനുള്ള ഏക പരിഹാരം ഐക്യതയാണ്. നമ്മുടെ സമൂഹത്തെ എങ്ങനെയെങ്കിലും മാറ്റിയെടുക്കാൻ സഹായിക്കുകയാണെങ്കിൽ ദൈവഭയമുള്ളവർ ശ്രമിക്കേണ്ടതു ഈ വിധത്തിലാണ്. നമ്മുടെ സാമാന്യ ബുദ്ധി ദൈവനീതിക്കായി ഉണരണം. ദുഷ്ടനിൽ നിന്നു തന്റെ ശിഷ്യന്മാരെ വിടുവിക്കേണ്ടതിനു; തന്റെ ക്രൂശീകരണത്തിനു മുൻപ് അവർക്കായി പ്രാർത്ഥിക്കുന്നുണ്ട്. പിശാചിന്റെ തന്ത്രത്തിൽ നിന്നും അവന്റെ ഉപായ പ്രവർത്തനത്തിൽ നിന്നും അവർ വിമുക്തരായിരിക്കേണ്ടതു ആവശ്യമായിരുന്നു. പിന്നീട് ദൈവവചനം കേട്ട് അനുസരിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും അവൻ പ്രാർത്ഥിക്കുന്നുണ്ട്.

ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹന്നാൻ 17:20–21). ലോകത്തുള്ള മനുഷ്യരെ ക്രിസ്തുവിലേക്കു കൊണ്ടു വരുവാൻ നമുക്ക് ഐക്യത ആവശ്യമാണ്. എങ്ങനെ നമുക്ക് ഐക്യത കൈവരിക്കാം?

## ഒരു പൊതു നിർദ്ദേശത്തിന്റെ ഉറവിടം

ആദ്യമായി എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു നിർദ്ദേശം ആവശ്യമാണ്. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ന്യായവിധി യേശുക്രിസ്തുവിന്റെ വചനാടിസ്ഥാനത്തിലായതിനാൽ അവയാണ് സ്വീകാര്യമായ ഏറ്റവും നല്ല നിർദ്ദേശം. അവന്റെ കല്പനകളും ഉപദേശങ്ങളും മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ ഭാഗങ്ങളിൽ കാണാം. "തെയോഫിലോസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾ വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലോ" (പ്രവൃത്തി 1:1). ആകയാൽ പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ യേശുവിന്റെ ഉപദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവൻ പഠിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ സ്വയമായവയായിരുന്നില്ല. പിതാവിന്റെ ഉപദേശമായിരുന്നു. ശത്രുവിന്റെ പ്രലോഭനങ്ങളിൽ കുടുങ്ങാതെ അവനെ പരാജയപ്പെടുത്തുവാൻ ഈ ഉപദേശപ്രകാരമുള്ള ജീവിതമാണാവശ്യം.

പുതിയ നിയമത്തിലെ ശേഷം ഭാഗങ്ങളും ക്രിസ്തുവിന്റെ വചനമായി തന്നെ നാം തിരിച്ചറിയണം. യേശു, അപ്പൊസ്തലന്മാരോടു പറഞ്ഞതു പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അവർക്കു

സകലവും ഉപദേശിച്ചുകൊടുക്കുമെന്നും അവരോടു അവൻ പറഞ്ഞത ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യുമെന്നാണ് (യോഹന്നാൻ 14:26 16:13). നാം ദൈവസന്നിധിയിൽ കൊള്ളാകുന്നവരായി കാണപ്പെടണ മെങ്കിൽ നാം പുതിയ നിയമം ശ്രദ്ധയോടെ വായിച്ച് പഠിച്ച് അനുസരിച്ച ജീവിക്കുകയും ദൈവത്തെ സേവിക്കയും ചെയ്യണം.

## ഒരേ ഒരു വിശ്വാസം മാത്രം

"നിങ്ങൾക്കു നിങ്ങളുടെ വിശ്വാസം, എനിക്ക് എന്റെ വിശ്വാസം എന്ന പൊതുവായ ഒരു പ്രസ്താവന നിങ്ങൾ കേട്ടിരിക്കാം. പല വിശ്വാസ ദൈവത്തിൽ നിന്നോ ക്രിസ്തുവിൽ നിന്നോ അപ്പൊസ്തലന്മാരിൽ നിന്നോ ഉത്ഭവിച്ചതല്ല. ദൈവശ്വാസിയരായ അപ്പൊസ്തലന്മാരിൽ നിന്നു നമുക്ക ലഭിച്ചത് ഏക വിശ്വാസമാണ് (എഫെസ്യർ 4:4-5). ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചുകൊണ്ടു യൂദയും വിശുദ്ധന്മാർക്കായ ഒരിക്കലായി തന്നിരിക്കുന്ന ഏക വിശ്വാസത്തെ പരാമർശിച്ച് എഴുതിയ ട്ടുണ്ട് (യൂദാ 3). ഒന്നാമത്തെ സുവിശേഷ യാത്രക്കുശേഷം പൗലൊസും ബർന്നബാസും ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ സ്ഥലങ്ങളിര ശിഷ്യന്മാരെ ഏക വിശ്വാസത്തിൽ നിലനില്ക്കാൻ ഉത്തേജിപ്പിക്കുന്നുണ (പ്രവൃത്തി 14:21-22).

ക്രിസ്തുവിനെ പിൻപറ്റുന്നവർ സ്വീകരിക്കേണ്ട വിശ്വാസവു ജീവിത മാതൃകയും, ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും ലേഖകരു പ്രതിപാദിച്ചിട്ടുണ്ട്. അതു ആർക്കും മാറ്റാവുന്നതല്ല. എല്ലാവർക്കും ഉള്ള ഏക നിലവാരമാണ് അത്. നിങ്ങൾ ഈ പുതിയ നിയമ വിശ്വാസത്തിര ആണോ എന്നു നിങ്ങൾ തന്നെ ശോധന ചെയ്യുക. നിങ്ങൾ കൊള്ളര താത്തവർ അല്ല എന്നു വരികിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്ന നിങ്ങളെത്തന്നെ അറിയുന്നില്ലയോ? (2 കൊരിന്ത്യർ 13:5-6).

✱

## വിഭാഗീയ രഹിത ക്രിസ്ത്യാനിത്വം

ഗ്ലെൻ കോളെ

ഒരാൾ ഏതെങ്കിലും നാമധേയ വിഭാഗത്തിൽ അംഗമാണ് എന്ന പറയുന്നതു തികച്ചും സമൂഹത്തിൽ അംഗീകരിച്ചിരിക്കുന്ന വസ്തുര യാണല്ലൊ. എന്നാൽ അതിന്റെ ഗൗരവാവസ്ഥ ആരും പരിഗണിക്കുന്നില്ല

ആളുകളുടെ കാഴ്ച്ചപ്പാടിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ അംഗമായി രിക്കണം എന്നേയുള്ളു. അതേതായാലും കുഴപ്പമില്ല എന്നതാണ് അവരുടെ തോന്നൽ. നാമധേയ വിഭാഗങ്ങളിൽ എല്ലാം തന്നെ ബഹുമാന്യരായ ധാരാളം ആളുകൾ ഉണ്ട്. അതുകൊണ്ട് നാമധേയ വിഭാഗങ്ങളെ ആളുകൾ പ്രശ്നമാക്കുന്നേയില്ല. വാസ്തവത്തിൽ എണ്ണിയാൽ തീരാത്തവണ്ണം ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ശൃംഖല യാണ് ഇത്. എന്താണ് നാമധേയ വിഭാഗം എന്നാൽ? അതറിഞ്ഞു കൂടാത്ത ധാരാളം പേർ ലോകത്തിലുണ്ട്.

പ്രത്യേകം നാമമെടുത്തു വിഭജിച്ചിരിക്കുന്ന ഓരോ സംഘടനകളാണ് നാമധേയ വിഭാഗങ്ങൾ. മതപരമായി സ്വയം പേരെടുത്തിരിക്കുന്ന വ്യത്യസ്ത സമുദായങ്ങളായി നിലകൊള്ളുന്ന വരെയാണ് നാമധേയ വിഭാഗങ്ങൾ എന്നറിയപ്പെടുന്നത്. ഓരോന്നും സ്വതന്ത്ര ക്രിസ്ത്യൻ സംഘടനകളായി അറിയപ്പെടുന്നു. ഏതു വിഭാഗത്തിലായാലും കുഴപ്പമില്ല എന്നതാണ് അവരുടെ ചിന്ത. സ്വർഗ്ഗത്തിൽ പോകുന്നതിനു അതൊന്നും തടസമല്ല എന്ന കണക്കു കൂട്ടലിലാണ് അവർ. സ്വർഗ്ഗത്തിൽ പോകുവാൻ അവരുടെ വിഭാഗത്തിൽതന്നെ അംഗങ്ങളായിരിക്കണം എന്ന് അവർക്കു നിർബന്ധമില്ല. ഒരു വിഭാഗം മറ്റൊന്നുപോലെ നല്ലതാണ് എന്നാണ് അവരുടെ വിശ്വാസം. പക്ഷെ ഓരോരുത്തരും അവരവരുടെ സമൂഹമാണ് മെച്ചപ്പെട്ടതെന്നു അവർ വാദിക്കും. അവരുടെ കാഴ്ച്ചപ്പാടിൽ സഭ എന്നതു വലിയ ഒരു സമൂഹവും നാമധേയ വിഭാഗങ്ങളെല്ലാം അതിലെ ഓരോ ശാഖകളും ആകുന്നു എന്നതാണ് അവരുടെ ആശയം. പക്ഷെ ദൈവവുമായുള്ള ബന്ധത്തിൽ ഈ വിഷയത്തെ അവർ പരിശോധിക്കാറില്ല.

ക്രിസ്ത്യാനികളെ കുറിച്ചോ സഭയെ കുറിച്ചോ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യം ബഹു ഭൂരിപക്ഷം ജനങ്ങൾക്കും അറിഞ്ഞുകൂടാ. അഥവാ ചുരുക്കം പേർ മനസിലാക്കിയാലും അതത്ര ഗൗരവമായി എടുത്തിട്ടില്ല. അവർക്കു ദൈവത്തിന്റെ ഹിതം വാസ്തവത്തിൽ അറിയണമെന്നുണ്ടായിരുന്നെങ്കിൽ അവർ പുതിയ നിയമം ശരിയായി വായിക്കുമായിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ യുക്തി സഹജമായി ഗ്രഹിക്കുമായിരുന്നു. തന്നെയുമല്ല,

ദൈവ നിയമ വിരുദ്ധമായ നാമധേയ ആശയങ്ങളെ അവർ വിട്ടുകള യുമായിരുന്നു. നാമധേയ വിഭാഗീയത ഇല്ലാത്ത ക്രിസ്ത്യാനി ത്വത്തെയാണ് വേദപുസ്തകം പ്രബോധിപ്പിക്കുന്നത്. തിരു വെഴുത്തുകളെ വിശ്വസിക്കുന്നവർ ഈ സത്യത്തെ സ്വീകരിക്കും. നാമധേയ വിഭാഗങ്ങളിലെ അംഗത്വത്തേക്കാൾ ക്രിസ്തുവിന്റെ സഭയിലെ അംഗത്വമാണ് ദൈവം അംഗീകരിക്കുക എന്നതാണ് പരമാർത്ഥം. ദൈവാത്മാവിനാൽ പ്രചോദിതരായ ലേഖകന്മാരുടെ പ്രസ്താവനകളെ വേദവാക്യമായി നമുക്ക് എടുക്കാവുന്നതാണ്.

ഒരു നാമധേയ വിഭാഗത്തിലും അംഗമാകാതെ വിശ്വസ്തരായ ക്രിസ്ത്യാനികളായി ജീവിക്കുവാനും ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനും മരണം വരെ ഇന്നും അവസരമുണ്ട്. അങ്ങനെ മരിച്ചാൽ പിന്നീട് സ്വർഗ്ഗത്തിൽ എന്നേക്കും ദൈവവുമായി വസിക്കാനും സാധിക്കും എന്നു നിങ്ങൾക്കറിയാമോ? അതു സാദ്ധ്യമാണ്, യാഥാർത്ഥ്യവുമാണ്. ലോകത്തിൽ ഉള്ള നാമധേയ വിഭാഗങ്ങളിൽ അംഗങ്ങളാകാൻ ബൈബിളിൽ ദൈവം പറഞ്ഞിട്ടില്ല. അങ്ങനെ ചെയ്താൽ ദൈവം വെറുക്കുകയും ചെയ്യുന്നു. എന്നാൽ ബൈബിളിൽ സഭയെ വെളിപ്പെടുത്തിയിട്ടുണ്ട്. അതു വിഭജിക്ക പ്പെട്ടതല്ല. പിന്നെയോ ഏക സഭയാണ്. ആ സഭ ക്രിസ്തുവിനുള്ള താണ്; ക്രിസ്തുവാണ് ആ സഭയുടെ തല. ഇതാണ് പലർക്കും മനസിലാക്കാൻ കഴിയാത്തത്. അതുകൊണ്ട് അവർ സഭയെ ഭൗതിക സംഘടനയായി അവർ മാറ്റിയിരിക്കയാണ്. അതുകൊണ്ടു അവരുടെ സംഘടനകൾക്കെല്ലാം ഓരോ മാനുഷിക തലയും തലസ്ഥാനവും അവർ രൂപപ്പെടുത്തിയിരിക്കുന്നു. ബൈബിളിലെ പുതിയ നിയമ സഭയുടെ ചിത്രം നിങ്ങൾക്കു കിട്ടുവാൻ അപ്പൊസ്തലനായ പൗലൊസിന്റെ ലേഖനങ്ങൾ വായിക്കണം. നിഷ്പക്ഷമായി പരിശോധിച്ച് കാര്യങ്ങൾ വസ്തുനിഷ്ഠമായി ഉൾക്കൊള്ളുക. ഏക മെന്ന് അല്ലെങ്കിൽ ഒന്ന് എന്ന് വിചാരിക്കുന്ന ഏഴുകാര്യങ്ങളെ പരാ മർശിക്കുന്നുണ്ട്. എഫെസ്യലേഖനം 4-ാം അദ്ധ്യായത്തിൽ നാമധേയ വിഭാഗീയതയിൽ വിശ്വസിച്ചുകൊണ്ട് ഒരാൾക്കു എഫെസ്യ ലേഖനത്തിലെ ഈ വിവരണം വിശ്വസിക്കുവാൻ പ്രയാസമാണ്.

✱

## സദ്ദാമിനെ വധിക്കാൻ തിടുക്കം കൂട്ടിയതു മാലിക്കി സർക്കാർ

സദ്ദാം ഹുസൈന്റെ വധശിക്ഷ ഈദിനിടെ നടപ്പാക്കണമെന്ന് ഇറാഖ് പ്രധാനമന്ത്രി നൂറി അൽ മാലിക്കിയും ഭരണസഖ്യത്തിലെ ഷിയാ നേതാക്കളും വാശിപിടിച്ചതായി ന്യൂയോർക്ക് ടൈംസ് പത്രം വെളിപ്പെടുത്തി. മരണ വാറന്റിൽ പ്രസിഡൻഷ്യൽ പ്രസീഡിയത്തിന്റെ ഒപ്പു നിർബന്ധമാണെന്നും മതാഘോഷവേളകളിൽ വധശിക്ഷ പാടില്ലെന്നുമുള്ള നിബന്ധന അവഗണിച്ചു മാലിക്കി തന്നെയാണു മരണ വാറന്റിൽ ഒപ്പിട്ടത്.

നിയമപരമായ വിലക്കുകൾ മറികടന്നു തിരക്കിട്ടു വധശിക്ഷ നടപ്പാക്കുന്നതു കരുതലോടെ വേണമെന്ന യു.എസ്. അധികൃതരുടെ ഉപദേശം മാലിക്കിയടക്കമുള്ളവർ നിരാകരിക്കുകയും ചെയ്തു.

✶

## എൻജിനിൽ കോർത്ത പെൺകുട്ടിയുടെ ജഡവുമായി ട്രെയിൻ 16 കി.മീ ഓടി

വൈദ്യുതി എൻജിൻ ഘടിപ്പിച്ച ചെന്നൈ മെയിലിന്റെ കന്നിയോട്ടത്തിൽ പെൺകുട്ടിയുടെ മൃതശരീരം എൻജിനിൽ ഉടക്കിയ നിലയിൽ. കൊല്ലം കിളികൊല്ലൂർ കോയിക്കൽ ശാസ്താംനഗർ ഷാജി നിവാസിൽ ഹരിദാസന്റെ മകൾ ഹരിപ്രിയയുടെ (17) മൃതദേഹമാണെന്നു പിന്നീടു തിരിച്ചറിഞ്ഞു. മൃതദേഹവുമായി പതിനാറു കിലോമീറ്ററോളം ട്രെയിൻ ഓടി.

✶

## ആശുപത്രിയിൽ കുഞ്ഞിനെ തട്ടിയെടുക്കാൻ ശ്രമം: തമിഴ്നാട്ടുകാരി പിടിയിൽ

തൈക്കാട് ഗവ. ആശുപത്രിയിൽനിന്ന് രണ്ടരവയസ്സുള്ള കുഞ്ഞിനെ തട്ടിയെടുക്കാൻ ശ്രമിച്ച തമിഴ്നാട്ടുകാരി യുവതിയെ പോലീസ് അറസ്റ്റ് ചെയ്തു.

വെള്ളനാട് സ്വദേശിനി ദീനാമ്മയുടെ മകൻ മോനുക്കുട്ടനെ

യാണ് ഇന്നലെ ഉച്ചയ്ക്ക് ഒന്നരയോടെ ആശുപത്രിയിൽ നിന്ന് തട്ടിയെടുക്കാൻ ശ്രമമുണ്ടായത്.

★

## ഡ്രൈവർ മദ്യപിച്ചു; ബസ് പോസ്റ്റ് തകർത്തു

ഡ്രൈവർ മദ്യപിച്ചതിനെത്തുടർന്ന് നിയന്ത്രണം വിട്ട കെ.എസ്.ആർ.ടി.സി. ബസ് നഗരത്തിൽ രാത്രി വൈദ്യുതി പോസ്റ്റ് ഇടിച്ചു തകർത്തു.

പ്രകാശിച്ചുകൊണ്ടിരുന്ന വഴി വിളക്കും കമ്പികളും ഇടിച്ചു തകർത്തെങ്കിലും ബസിലെ ഇരുപതുയാത്രക്കാരും വൈദ്യുതാഘാതമേൽക്കാതെ രക്ഷപ്പെട്ടു.

ബസ് ഡ്രൈവർ മോഹനൻനായരെ (59) പോലീസ് അറസ്റ്റു ചെയ്തു വൈദ്യപരിശോധനയ്ക്കു വിധേയനാക്കി.

★

## പതഞ്ഞ് നുരഞ്ഞ് പുതുവർഷം

സദ്ദാമിന്റെ വധശിക്ഷയുടെ പശ്ചാത്തലത്തിൽ തീർത്ത കനത്ത സുരക്ഷയുടെ അകമ്പടിയിൽ ജില്ലയിൽ സമാധാന പൂർണ്ണമായ പുതുവർഷ ആഘോഷം. ഹോട്ടലുകളിലും ക്ളബ്ബുകളിലും ബീച്ചിലും നുരഞ്ഞു പൊന്തിയ ആഘോഷം രാവേറെ കഴിഞ്ഞപ്പോൾ നിരത്തുകളിലേക്കും പടർന്നു.

മദ്യപിച്ചു വാഹനമോടിക്കുന്നവരെ പിടിക്കാൻ വഴിനീളെ പൊലീസ് ഉണ്ടായിരുന്നെങ്കിലും ശല്യക്കാർ അല്ലാത്ത ആഘോഷക്കാരെ വേട്ടയാടേണ്ടതില്ലെന്നു സിറ്റി പൊലീസ് കമ്മീഷണർ കെ. പത്മകുമാർ അവസാന നിമിഷം നൽകിയ സന്ദേശം നിരവധി വാഹനയുടമകൾക്കു തുണയായി.

★

## സാമൂഹികവിവേചനം ഇന്ന് മറ്റൊരു രൂപത്തിൽ: മന്ത്രി

ഗുരുദേവന്റെ കാലത്തുണ്ടായിരുന്ന സാമൂഹികവിവേചനം ഇന്ന് മറ്റൊരു രൂപത്തിൽ നിലനിൽക്കുന്നതായി മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ അഭിപ്രായപ്പെട്ടു.

ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചു നടന്ന യുവജന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✱

## ഒരു നൂറ്റാണ്ടിനപ്പുറം മലയാളം ഉണ്ടാകുമോ?

ഒരു നൂറ്റാണ്ടിനുശേഷം മലയാള ഭാഷ ഉണ്ടാകുമോ എന്ന് പ്രശസ്ത സാഹിത്യകാരൻ സേതു ചോദിച്ചു. ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചു നടന്ന കലാസാഹിത്യ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മലയാളി ഇന്ന് മായക്കാഴ്ച്ചയുടേയും ആഘോഷങ്ങളുടേയും നടുവിലാണ്. കേരളം സാംസ്കാരികമായ നാൽക്കവലയിൽ നിൽക്കുന്നു. ജീവിതത്തിലും കുടുംബജീവിതത്തിലും മലയാള ഭാഷ അന്യമായിരിക്കുന്നു. എല്ലാറ്റിലും ആസക്തി നിലനിൽക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് -അദ്ദേഹം കൂട്ടിച്ചേർത്തു.

✱

## ടീകോമുമായി സർക്കാർ നടത്തുന്ന ചർച്ചകൾ വഴിമുട്ടി നിൽക്കുന്ന അവസ്ഥയാണിപ്പോൾ

സി.പി.എം. നേതൃത്വനിരയിലെ നീരസങ്ങളും ചർച്ചകൾ ഇല്ലാത്തതും കേരളത്തിന്റെ സ്വപ്ന പദ്ധതിക്ക് തടസ്സമാകുന്നു. രാഷ്ട്രീയ തീരുമാനം കൈക്കൊള്ളാൻ വൈകുന്നതിലൂടെ സംസ്ഥാന വിവരസാങ്കേതിക ചരിത്രത്തിൽ നാഴികക്കല്ലാകുമായിരുന്നു. സ്മാർട്ട് സിറ്റി കൊച്ചിയിൽ സ്ഥാപിക്കപ്പെടുന്ന കാര്യം അനിശ്ചിതത്വത്തിലേക്കു നീങ്ങുകയാണ്.

ടീകോമുമായി (ദുബായ് ടെക്നോളജി ആൻഡ് മീഡിയ ഫ്രീ സോൺ അതോറിറ്റി) സർക്കാർ നടത്തുന്ന ചർച്ചകൾ വഴിമുട്ടി നിൽക്കുന്ന അവസ്ഥയാണിപ്പോൾ.

✱

## ദുബായിൽ വനിതകൾക്ക് മാത്രമായി ടാക്സികൾ

സ്ത്രീകൾക്കു മാത്രമുള്ള ടാക്സികൾ ദുബായ് നിരത്തിലിറങ്ങി. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതവും സൗകര്യപ്രദവുമായ യാത്ര ഒരുക്കുന്നതിന്റെ ഭാഗമായാണ് പുതിയ സർവീസെന്ന് അധികൃതർ അറിയിച്ചു.

നിലവിൽ ദുബായ് വിമാനത്താവളവുമായി ബന്ധപ്പെട്ടാണ് വനിതാ ടാക്സി സർവീസുള്ളത്. എന്നാൽ, പുതിയ ടാക്സികൾ ദുബായ് എമിറേറ്റിനുള്ളിലും മറ്റു എമിറേറ്റുകളിലേക്കും സർവീസ് നടത്തും. ആദ്യഘട്ടത്തിൽ 50 ടാക്സികളാണ് നിരത്തിലിറക്കുന്നത്. കാറുകളുടെ മുകൾ ഭാഗവും ഉൾഭാഗവും സീറ്റുകളുമെല്ലാം പിങ്ക് നിറത്തിലായിരിക്കും. 100 വനിതാ ഡ്രൈവർമാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും റോഡ് ഗതാഗത അതോറിറ്റിയുടെ ടാക്സി ബുക്കിങ് സർവീസ് മുഖേന ഇവ ബുക്ക് ചെയ്യാമെന്നും അധികൃതർ അറിയിച്ചു.

★

## തെക്കൻ അതിർത്തി പ്രദേശങ്ങളിൽ അഞ്ഞൂറിന്റെ വ്യാജനോട്ടുകൾ വ്യാപകം

ജില്ലയുടെ തെക്കൻ അതിർത്തിയിലുള്ള മലയോര വ്യാപാര മേഖലയിൽ അഞ്ഞൂറു രൂപയുടെ കള്ളനോട്ടുകൾ വ്യാപകം. പനച്ചമൂട്, കുടപ്പനമൂട്, കന്നുമാമൂട്, നാറാണി, തെക്കൻ അതിർത്തിയായ കളിയിക്കാവിള, ഊരമ്പ്, ഉച്ചക്കട എന്നിവിടങ്ങളിലെ ചന്തകളിലും വ്യാപാര മേഖലകളിലും അഞ്ഞൂറു രൂപയുടെ നൂറുകണക്കിനു കള്ളനോട്ടുകളാണ് സാധാരണക്കാർക്ക് അബദ്ധത്തിൽ ലഭിച്ചത്. ഇവ കൈവശംവച്ചാൽ കുടുങ്ങുമെന്ന് അറിയാവുന്നതിനാൽ നശിപ്പിച്ചു കളഞ്ഞു.

★

## ചോദ്യചോർച്ച: ഗൂഢാലോചനയിൽ പരീക്ഷാഭവൻ ഉദ്യോഗസ്ഥരും

എസ്.എസ്.എൽ.സി ചോദ്യപേപ്പറിന്റെ അച്ചടി കരാർ ഏറ്റെടുത്ത രാജൻ ചാക്കോ പരീക്ഷാഭവനിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ഗൂഢാലോചന നടത്തിയെന്നും ഇടനിലക്കാർ മുഖേന ഇവർക്കു കൈക്കൂലി നൽകിയെന്നും സി.ബി.ഐ. ഹൈക്കോടതിയിൽ ബോധിപ്പിച്ചു. അന്വേഷണം പൂർത്തിയായെന്നു വ്യക്തമാക്കുന്ന റിപ്പോർട്ടിൽ മുൻമന്ത്രി നാലകത്തു സൂപ്പിയെക്കുറിച്ചു പരാമർശമില്ല.

★

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 January**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*
*The*
# CHURCH OF CHRIST
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To